റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) മൽസ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് ഉതകുന്ന ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

(ബി) ഇവയ്ക്കു പ്രവർത്തനത്തിനു പദ്ധതിവിഹിതവും ധനസഹായ സ്ഥാപനങ്ങളിൽ നിന്നു കിട്ടാവുന്ന വായ്പകളും പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

നഗരങ്ങളിലെ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

* 559 [608] ശ്രീ. എ. കെ. ശശീന്ദ്രൻ:
,, എം. എം. ഹസ്സൻ:
,, എം. സി. ചെറിയാൻ:
,, പി. കെ. വേലായുധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നിശ്ചയിക്കുന്നതിന് വ്യക്തമായ നിയമം നിലവിലുണ്ടെങ്കിൽ അതിനെ അതിലംഘിച്ചുകൊണ്ട് അമിത വാടക ഈടാക്കിവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി):

(എ) കെട്ടിട ഉടമയുടെയോ, വാടകക്കാരന്റെയോ അപേക്ഷ അനുസരിച്ച് ആവശ്യമെന്നു തോന്നുന്ന അന്വേഷണം നടത്തിയശേഷം ബന്ധപ്പെട്ട റെന്റ് കൺട്രോൾ കോടതിയാണ് കെട്ടിട വാടക നിശ്ചയിക്കുന്നത്. വസ്തുക്കരമോ വീട്ടുകരമോ ആണ് പ്രധാനമായും വാടക നിശ്ചയിക്കുന്നതിന് കണക്കിലെടുക്കുന്നത്. വസ്തുക്കരമോ വീട്ടുകരമോ നിശ്ചയിച്ചിട്ടില്ലെങ്കിൽ ആ ദേശത്ത് നിലവിലുള്ള വാടക നിരക്കുകളുടെ അടിസ്ഥാനത്തിലും വാടക നിശ്ചയിക്കുന്നു.

(ബി) പരാതികൾ കിട്ടുന്ന മുറയ്ക്ക് അവ പരിശോധിച്ച് ന്യായമായ തീരുമാനങ്ങൾ എടുക്കാറുണ്ട്.

വിദ്യാർത്ഥികളുടെ യാത്രാസൗകര്യം

* 560 [609] ശ്രീ. സി. എം. ഷെരീഫ്:
,, വി. കെ. രാജൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, എം. കെ. കേശവൻ:
,, കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇതുവരെ എത്ര ബസ്സുകൾ കൂടുതൽ ഇറക്കിയിട്ടുണ്ട്;

(ബി) ഇറക്കിയിട്ടില്ലെങ്കിൽ അതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ):

(എ, ബി) വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനു മാത്രമയി പ്രത്യേകം പുതിയ ബസ്സുകൾ ഇറക്കുന്നില്ല. എന്നാൽ ദേശവൽക്കരിച്ച റൂട്ടുകളിൽ വിദ്യാർത്ഥികളുടെ ആവശ്യത്തിനനുസരിച്ചു ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസുകൾ നടത്തുന്നുണ്ട്. അതു പോലെ പ്രൈവറ്റ് സെക്ടറിൽ വിദ്യാർത്ഥികളടക്കമുള്ള ആളുകളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനു റീജിയണൽ ട്രാൻസ്പോർട്ട് അതോറിട്ടികൾ കാലാകാലങ്ങളിൽ കൂടുതൽ ബസ്സുകൾക്കു പെർമിറ്റ് നൽകിവരുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ്സുകൾ വാങ്ങുന്നതിന് ലോൺ

*561 [610] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:

,, സ്റ്റീഫൻ പാദുവ:

,, തച്ചടി പ്രഭാകരൻ:

,, വി. എം. സുധീരൻ:

,, പി. കെ. വേലായുധൻ:

,, എൻ. പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ഏതെല്ലാം ഷെഡ്യൂൾ ബാങ്കുകളിൽ നിന്നു ബസ്സുകൾ വാങ്ങുന്നതിന് ലോൺ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പലിശയിനത്തിൽ ഓരോ വർഷവും ഓരോ ബാങ്കുകൾക്കു നൽകുന്ന തുക എത്രവീതമാണെന്നു വ്യക്തമാക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. ലോനപ്പൻ നമ്പാടൻ):

(എ) കെ. എസ്. ആർ. ടി. സി. ബാങ്ക് ഓഫ് കൊച്ചിൻ, സൗത്ത് ഇൻഡ്യൻ ബാങ്ക് എന്നീ സ്വകാര്യ ഷെഡ്യൂൾ ബാങ്കുകളിൽ നിന്നും ബസ്സുകൾ വാങ്ങുന്നതിനുവേണ്ടി ഓരോ കോടി രൂപാ വീതം ലോൺ എടുത്തിട്ടുണ്ട്.

(ബി) പലിശയിനത്തിൽ ഓരോ വർഷവും ഓരോ ബാങ്കിനും നൽകിയ തുക താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്:

വർഷം	ബാങ്ക് ഓഫ് കൊച്ചിൻ രൂപ	സൗത്ത് ഇൻഡ്യൻ ബാങ്ക് രൂപ
1978	2,55,582·19	6,666·67
1979	9,95,076·90	10,35,305·84
1980	5,71,632·30	7,06,265·01
1981	1,29,566·35	1,94,082·19

LIBRARY ARCHIVES Kerala Legislative Assembly